പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## പോലീസ് സേനാംഗങ്ങളുടെ ഡെപ്യൂട്ടേഷൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3465 — 20/06/2018-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ ഏതെല്ലാം സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിൽ പോലീസ് സേനാംഗങ്ങൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നുണ്ട്; | (എ) | ലഭ്യമായ രേഖകൾ പരിശോധിച്ചതിൻ പ്രകാരം കേരളാ പോലീസ് സേനാംഗങ്ങൾ താഴെപ്പറയുന്ന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നുണ്ട്.<br>1) ഫിഷറീസ് വകുപ്പ്<br>2) ഹൈക്കോടതി വിജിലൻസ്<br>3) കേരള ലോകായുക്ത<br>4) സംസ്ഥാന വനിതാ കമ്മീഷൻ<br>5) പുരാവസ്തു വകുപ്പ്<br>6) തിരുവിതാംകൂർ ദേവസ്വം ബോർഡ്<br>7) കെ.എസ്.ഇ.ബി.<br>8) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ<br>9) പബ്ലിക് സർവ്വീസ് കമ്മീഷൻ<br>10) ബിവറേജസ് കോർപ്പറേഷൻ<br>11) വനം വകുപ്പ്<br>12) വികാസ് ഭവൻ സെക്യൂരിറ്റി<br>13) സർക്കാർ പ്രസ്സുകൾ<br>14) ജയിൽ വകുപ്പ്<br>15) മ്യൂസിയം & മൃഗശ്ശാല വകുപ്പ്<br>16) നിയമസഭ<br>17) സെക്രട്ടേറിയറ്റ്<br>18) യൂണിവേഴ്സിറ്റി |
| (ബി) | നിലവിലെ ചട്ടപ്രകാരം ഒരു സർക്കാർ ജീവനക്കാരന് തുടർച്ചയായി പരമാവധി എത്രകാലത്തേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കാവുന്നതാണ്; | (ബി) | നിലവിലെ ചട്ടപ്രകാരം ഒരു സർക്കാർ ജീവനക്കാരന് തുടർച്ചയായി അഞ്ചുവർഷം വരെ ഡെപ്യൂട്ടേഷൻ അനുവദിക്കാവുന്നതാണ് |

| | | | |
|---|---|---|---|
| (സി) | തുടർച്ചയായി അഞ്ചു വർഷത്തിലധികമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പോലീസ് ഉദ്യോഗസ്ഥർ ഏതെങ്കിലും സ്ഥാപനങ്ങളിൽ ജോലി ചെയ്ത് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഇപ്പോൾ ഡെപ്യൂട്ടേഷനിൽ സേവനത്തിലിരിക്കുന്ന വിജിലൻസ് ഓഫീസറെ ബഹു.ഹൈക്കോടതിയുടെ മുൻകൂർ അനുമതി കൂടാതെ മാതൃ വകുപ്പിലേയ്ക്ക് തിരികെ മടക്കരുതെന്ന നിർദ്ദേശം നിലവിലുള്ളതിനാൽ 5 വർഷം കഴിഞ്ഞിട്ടും ഡെപ്യൂട്ടേഷനിൽ തുടരുന്നുണ്ട്. 5 വർഷത്തിലധികമായി പുരാവസ്തു വകുപ്പിൽ ജോലിചെയ്യുന്ന ജീവനക്കാരെ കൊട്ടാരങ്ങളുടെയും മ്യൂസിയങ്ങളുടെയും സുരക്ഷിതത്വം കണക്കിലെടുത്ത് പുതിയ ജീവനക്കാർ വരുന്ന മുറയ്ക്ക് മാറ്റുന്നതിലേയ്ക്കുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | എങ്കിൽ പ്രസ്തുത ജീവനക്കാരെ മാതൃവകുപ്പിലേക്ക് മടക്കി അയച്ച് പകരം നിയമനം നടത്തുവാൻ ബന്ധപ്പെട്ട സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളോട് ആവശ്യപ്പെടുമോ? | (ഡി) | ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ